"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ നഗരത്തിനായുള്ള കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.20/2023/LSGD തീയതി,തിരുവനന്തപുരം, 24-01-2023

---

പരാമർശം:-

1. കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 14/03/2017 ലെ 31-ാം നമ്പർ തീരുമാനം
2. കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 28/09/2021 ലെ 82-ാം നമ്പർ തീരുമാനം
3. കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 14/06/2022 തീയതിയിലെ 43-ാം നമ്പർ തീരുമാനം.
4. കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 14/06/2022 തീയതിയിലെ 44-ാം നമ്പർ തീരുമാനം.
5. കണ്ണൂർ കോർപ്പറേഷൻ കൗൺസിലിന്റെ 20/08/2022 തീയതിയിലെ 1-ാം നമ്പർ തീരുമാനം.
6. കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ 09/12/2022 തീയതിയിലെ ഇ4/21539/2001 നമ്പർ കത്ത്.
7. കണ്ണൂർ ജില്ലാ നഗരാസൂത്രകന്റെ 09/12/2022 തീയതിയിലെ ടിസിപികെഎൻആർ/1891/2019-ഡി നമ്പർ കത്ത്.
8. മുഖ്യനഗരാസൂത്രകന്റെ 16/12/2022 തീയതിയിലെ ടിസിപിസിടിപി/379/2021-എഫ്1 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിന് വേണ്ടി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും, AMRUT പദ്ധതിയിൻ കീഴിൽ കണ്ണൂർ കോർപ്പറേഷൻ ഏരിയക്ക് വേണ്ടി

പ്രസ്തുത GIS അധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുന്നതിനും പരാമർശം (1), (2) എന്നിവ പ്രകാരം കണ്ണൂർ നഗരസഭ തീരുമാനങ്ങൾ കൈക്കൊള്ളുകയും പരാമർശം (4) പ്രകാരം നഗരസഭ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയുമുണ്ടായി. 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ സെക്ഷൻ 36 (1) പ്രകാരം, കരട്ടു മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടെ സ്വീകരിക്കുവാനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനു പരാമർശം (3) പ്രകാരം തീരുമാനം എടുക്കുകയും തുടർന്ന് മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടെ സ്വീകരിക്കുന്നതിനുള്ള ഉദ്ദേശം, ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ എന്നിവ വ്യക്തമാക്കി കൊണ്ട്, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളുടെ ചട്ടം 16(1) പ്രകാരമുള്ള ഫാറം II, വർത്തമാനപത്രങ്ങൾ, നോട്ടീസ് ബോർഡ്, ഒദ്യോഗിക വെബ്സൈറ്റ് ഔദ്യോഗിക ഗസറ്റ് എന്നിവയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

(2) പരിഷ്കരിച്ച കരട് മാസ്റ്റർ പ്ലാൻ സ്വീകരിക്കാൻ സ്പെഷ്യൽ കമ്മിറ്റി കൌൺസിലിനോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം കണ്ണൂർ കോർപറേഷൻ കൗൺസിൽ കണ്ണൂർ നഗരത്തിന്റെ കരട് മാസ്റ്റർ പ്ലാൻ 2041 (AMRUT) അംഗീകരിക്കുകയും, ആയതു പ്രസിദ്ധീകരണ അനുമതിക്കായി 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36 (2) പ്രകാരം സർക്കാരിലേക്ക് അയച്ചു കൊടുക്കുന്നതിന് തീരുമാനിക്കുകയും ആയതിൻപ്രകാരം കരട് മാസ്റ്റർപ്ലാൻ കണ്ണൂർ കോർപറേഷൻ സെക്രട്ടറിയുടെ പരാമർശം (6) കത്ത് പ്രകാരം ജില്ലാ നഗരാസൂത്രകന്റെ പരാമർശം (7) പ്രകാരമുള്ള ശിപാർശ സഹിതം ലഭ്യമാക്കിയിരിക്കുന്നു.

(3) 2016-ലെ കേരള നഗരഗ്രാമാസുത്രണ ആക്റ്റ്, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ എന്നിവ പ്രകാരം തയ്യാറാക്കിയ പ്രസൂത മാസ്റ്റർ പ്ലാനിനു പ്രസിദ്ധീകരണാനുമതി നൽകുന്നതിനു കണ്ണൂർ ജില്ലാ നഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുള്ളതും ആയത് 2016-ലെ കേരള നഗരഗ്രാമാസുത്രണ ആക്ടിലെ വകുപ്പ് 36(3) പ്രകാരം കണ്ണൂർ നഗരത്തിനായുള്ള മാസ്റ്റർ പ്ലാൻ സർക്കാരിൽ നിന്നുള്ള പ്രസിദ്ധികരണാനുമതിയ്ക്കായി മുഖ്യനഗരാസൂത്രകൻ പരാമർശം (8) പ്രകാരം ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ

അടിസ്ഥാനത്തിൽ കണ്ണൂർ നഗരത്തിനായുള്ള കരട് മാസ്റ്റർ പ്ലാനിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(3) പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, കണ്ണൂർ ( മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anilkumar C
സെക്ഷൻ ഓഫീസർ
Date: 25-01-2023 12:00:20